# Mathrubhumi

# 22 August 2018

# Kakkanad, After Flood, Rescue Operation, Fishermen, Honor

# ‘പണം വേണ്ട; ഇത് ഞങ്ങളുടെ കടമ’

## രക്ഷാപ്രവർത്തനത്തിനിറങ്ങിയ മത്സ്യത്തൊഴിലാളികളെ ആദരിച്ചു

**കാക്കനാട്** ▸ ‘കൂലിയോ സമ്മാനമോ പ്രതീക്ഷിച്ചല്ല വള്ളവുമായി വെള്ളത്തിലേക്കിറങ്ങിയത്. ഒന്നും കിട്ടിയില്ലേലും പരാതിയില്ല. നാടു മുഴുവൻ മുങ്ങുമ്പോൾ സഹായിക്കേണ്ടത് ഞങ്ങളുടെയും കടമയാണ്.

രക്ഷാപ്രവർത്തനം സംബന്ധിച്ച് മുഖ്യമന്ത്രി പിണറായി വിജയന്റെ പ്രസ്താവന ഞങ്ങൾക്കു ലഭിച്ച അവാർഡാണ്’ – പ്രളയത്തിൽ വിവിധ തുരുത്തുകളിൽ അകപ്പെട്ടുപോയവരെ രക്ഷപ്പെടുത്താൻ ഇറങ്ങി നാടിന്റെ നായകരായ മത്സ്യത്തൊഴിലാളികളുടെ വികാരാധീനമായ വാക്കുകൾ. തൊഴിലാളികൾക്കായി ജില്ലാ ഭരണകൂടം സംഘടിപ്പിച്ച ആദരിക്കൽ ചടങ്ങിൽ അനുഭവങ്ങൾ പങ്കുവെയ്ക്കുകയായിരുന്നു അവർ.

തങ്ങളുടെ ബോട്ടുകൾ ഏറെയും പ്രളയത്തിൽ തകർന്നിട്ടുണ്ടെന്നും അവ നേരെയാക്കാൻ സഹായിക്കണമെന്നും കടലിന്റെ മക്കൾ ആവശ്യപ്പെട്ടു. പലയിടത്തും തകർന്നു കിടക്കുന്ന പുലിമുട്ടുകളും ശരിയാക്കി തരണം.

ജില്ലാ കളക്ടർ മുഹമ്മദ് വൈ. സഫീറുള്ളയുടെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ചേർന്ന യോഗത്തിൽ രക്ഷാപ്രവർത്തനത്തിന് ഉപയോഗിച്ചവയിൽ 90 ശതമാനം ബോട്ടുകളും മത്സ്യത്തൊഴിലാളികളുടേതായിരുന്നുവെന്ന് ഐ.ജി. വിജയ് സാക്കറേ ഓർമിച്ചു. രാപകലെന്നില്ലാതെ പോലീസ് സഹായം പോലും ആവശ്യപ്പെടാതെ ധൈര്യപൂർവം രക്ഷാപ്രവർത്തനത്തിനിറങ്ങിയത് പകരംവെയ്ക്കാനാവാത്ത സേവനമാണെന്ന് കോസ്റ്റൽ സെക്യൂരിറ്റി ഡി.ഐ.ജി. കെ.പി. ഫിലിപ്പ് അഭിപ്രായപ്പെട്ടു.

വള്ളം അടുപ്പിക്കാൻ കഴിയാത്ത സ്ഥലങ്ങളിലും കേടുപാടുകളെപ്പറ്റി ചിന്തിക്കാതെ മത്സ്യത്തൊഴിലാളികൾ നടത്തിയ ശ്രമകരമായ രക്ഷാപ്രവർത്തനം മാതൃകാപരമാണെന്ന് റൂറൽ എസ്.പി. രാഹുൽ പി. നായർ പറഞ്ഞു.

ബോട്ടുകളുടെ കേടുപാടുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ ഉടനെ ആരംഭിക്കുമെന്ന് ഫിഷറീസ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ എസ്. മഹേഷ് അറിയിച്ചു. ഫോർട്ടുകൊച്ചി സൗദി ആരോഗ്യമാതാ ദേവാലയം വികാരി ഫാ. സാംസൺ ആഞ്ഞിലിപ്പറമ്പിൽ, സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ ജില്ലാ പ്രസിഡന്റ് ഷിജി, മത്സ്യത്തൊഴിലാളി യൂണിയൻ (എ.ഐ.ടി.യു.സി.) ജില്ലാ പ്രസിഡന്റ് പി.ഒ. ആന്റണി, കായൽ പ്രതിനിധി (സി.ഐ.ടി.യു.) സ്രാങ്ക് കെ.എൽ. കുഞ്ഞപ്പൻ, കേരള പരമ്പരാഗത മത്സ്യത്തൊഴിലാളി സമിതി ജില്ലാ സെക്രട്ടറി പി.വി. ജയൻ, എ.ഐ.ടി.യു.സി. ജില്ലാ വർക്കിങ് പ്രസിഡന്റ് വി.ഒ. ജോണി, മത്സ്യഫെഡ് ഡയറക്ടേഴ്സ് ബോർഡ് പ്രതിനിധി പി.പി. ദാളോ, ടി.എ. മുഹമ്മദ്, ഫിഷറീസ് കോ – ഓർഡിനേഷൻ കൺവീനർ ചാൾസ് ജോർജ്, എ.സി. ക്ലാരൻസ്, ക്രൈംബ്രാഞ്ച് എസ്.പി. ആമോസ് മാമ്മൻ, മത്സ്യഫെഡ് മാനേജർ ജോർജ് തുടങ്ങിയവർ സംസാരിച്ചു.